
# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26



## വിദ്യാവിനോദിനി

# എൽ.പി. സ്കൂൾ

കുഴിമ്പാലോട് മെട്ട

പി. ഒ. അഞ്ചരക്കണ്ടി

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | വിദ്യാവിനോദിനി എൽ.പി. സ്കൂൾ |
| വിലാസം | കുഴിമ്പാലോട് മെട്ട പി.ഒ. അഞ്ചരക്കണ്ടി പിൻ - 670612 |
| ഫോൺ | 9497050012 |
| സ്കൂൾ കോഡ് | 13181 |
| വിദ്യാഭ്യാസ ഉപജില്ല | കണ്ണൂർ സൗത്ത് |
| വിദ്യാഭ്യാസ ജില്ല | കണ്ണൂർ |
| റവന്യൂ ജില്ല | കണ്ണൂർ |
| ബി.ആർ.സി | കണ്ണൂർ സൗത്ത് (പെരളശ്ശേരി) |
| സി.ആർ.സി | അഞ്ചരക്കണ്ടി |
| ഗ്രാമപഞ്ചായത്ത് | അഞ്ചരക്കണ്ടി |
| ബ്ലോക്ക് പഞ്ചായത്ത് | തലശ്ശേരി |
| ജില്ല പഞ്ചായത്ത് | കണ്ണൂർ |
| നിയമസഭ മണ്ഡലം | ധർമടം |
| ലോകസഭ മണ്ഡലം | കണ്ണൂർ |
| താലൂക്ക് | കണ്ണൂർ |
| വില്ലേജ് | അഞ്ചരക്കണ്ടി |
| ഇ മെയിൽ | schoolvvlps@gmail.com |
| ഫേസ്ബുക്ക് | facebook.vidyavinodinilpschool |
| സ്കൂൾ വിക്കി | |

## ആമുഖം

<u>വിദ്യാവിനോദിനി എൽ.പി.സ്കൂൾ</u>

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ മുതിർന്നവരിലെ കുഴിമ്പാലോട് പ്രദേശത്താണ് 1926 – ലാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. ജാതിസ്പർധ കൊടികുത്തി വാണിരുന്ന അക്കാലത്ത് പരിസരത്തുള്ള മറ്റ് സ്കൂളുകളിൽ ഉയർന്ന ജാതിയിൽപ്പെട്ട കുട്ടികൾക്ക് മാത്രമേ പ്രവേശനം നൽകിയിരുന്നത്. കുഴിമ്പാലോടും പരിസര പ്രദേശങ്ങളിലും ഉള്ള ദളിത വിഭാഗത്തിൽപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് വേണ്ടിയാണ് പ്രധാനമായും ഈ വിദ്യാലയം സ്ഥാപിതമായത്. അഞ്ചരക്കണ്ടിയിലും പരിസര പ്രദേശങ്ങളിലും നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ച് അക്ഷരവെളിച്ചം പകർന്നു നൽകിയ പ്രശസ്ത കുടുംബത്തിൽ അംഗമായ പരേതനായ ശ്രീ. സി.കെ. കുഞ്ഞിക്കണ്ണൻ മാസ്റ്ററായിരുന്നു ഈ ഈ വിദ്യാലയം സ്ഥാപിച്ചത്. അദ്ദേഹം തന്നെയായിരുന്നു ഈ വിദ്യാലയത്തിന്റെ പ്രഥമ പ്രധാനധ്യാപകനും. പിന്നീട് ശ്രീ പി.വി. ഗംഗാധരൻ നമ്പ്യാരാണ് ഇന്ന് ഈ വിദ്യാലത്തിന്റെ മാനേജർ.

നാലു ക്ലാസ്സുകളും നാലു അധ്യാപകരുമാണ് ഇപ്പോൾ ഉള്ളത് ശ്രീമതി കെ വി ഷൈമ പ്രധാനാധ്യാപിക, ശ്രീ വിഷ്ണു കൃപ, ശ്രീ ടി.എം. ജിബിൻ, ശ്രീമതി സി പി നീമ എന്നിവർ. അധ്യാപകരുമായ സ്കൂളിൽ ഇപ്പോൾ 13 വിദ്യാർത്ഥികളാണുള്ളത്. ഇംഗ്ലീഷ് മീഡിയം സ്കൂൾ പരിസരത്ത് വന്നതും സമൂഹത്തിനു ഇംഗ്ലീഷ് ഭാഷയോടുള്ള അഭിനിവേശവുമാണ് സ്കൂളിൽ വിദ്യാർത്ഥികൾ കുറയാൻ കാരണം

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- എൽ.കെ.ജി മുതൽ നാലാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- അധ്യപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രയറുടെ സിദ്ധാന്തത്തെയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിച്ചെടുക്കൽ.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഒരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

* പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

* എസ്.ആർ.ജി യോഗത്തിൽ സ്കൂളിനാവശ്യമായ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
* വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
* കരട് രൂപരേഖ എസ്.ആർ.ജി-എസ്.എം.സി-പി.ടി.എ-എം.പി.ടി.എ രാഷ്ട്രീയ സംഘടനാ പ്രധിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ.
* ശിൽശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
* പി.ടി.എ യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

## നിലവിലുള്ള അവസ്ഥാ വിശകലനം

**❖ ഭൗതികം- നേട്ടങ്ങൾ**

നിലവിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ടോയ്ലറ്റുകൾ, വൃത്തിയും സൗകര്യവുമായ അടുക്കള, എൽ.കെ.ജി ക്ലാസ്റൂം എന്നിവ പ്രത്യേകം ഫണ്ട് സ്വരൂപിച്ചിട്ട് പൂർത്തീകരിച്ചു.

**❖ ഭൗതികം - പരിമിതികൾ**

ഓഫീസ് റൂം, സ്റ്റാഫ്റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള പ്രത്യേകം പ്രത്യേകം കെട്ടിടങ്ങൾ ഇല്ല. ചുറ്റുമതിൽ പൂർണ്ണമല്ല, കവാടമില്ല, ഓപ്പൺ സ്റ്റേജ് ആവശ്യമാണ്. പൂന്തോട്ടം ജൈവ

വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. കളിസ്ഥലത്തെ വിപുലീകരിക്കേണ്ടതുണ്ട്.

❖ **<u>അക്കാദമികം - നേട്ടങ്ങൾ</u>**

കലാ-കായിക മത്സരങ്ങൾ, ശാസ്ത്രമേളകൾ എന്നിവയിൽ സ്കൂളിലെ കുട്ടികൾ മത്സരിച്ച് വിജയിച്ചിട്ടുണ്ട്. സമീപത്തുള്ള കോ-ഓപ്പറേറ്റീവ് ബാങ്കുമായി ചേർന്ന് കുട്ടികളിൽ സമ്പാദ്യശീലം വളർത്തുവാൻ വേണ്ടി ഡപ്പോസിറ്റ് സ്കീം നടത്തി വരുന്നു.

❖ **<u>അക്കാദമിക - പരിമിതികൾ</u>**

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരണം, കമ്പ്യൂട്ടർറും ആധുനികവൽക്കരണം എന്നിവ എന്നിവ വേണ്ടതുണ്ട്. കാലാ-കായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണ സമയ സേവനം ലഭ്യമാകുന്നില്ല.

**<u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഓറ്റനോട്ടത്തിൽ</u>**

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ❖ ഭാഷാശേഷി വികസനം | ❖ ചുറ്റുമതിൽ ഗേറ്റ് | ❖ പി.ടി.എ ശക്തിപ്പെടുത്തൽ |
| ❖ ഗണിതശേഷി വികസനം | ❖ കളിസ്ഥലം | ❖ പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| ❖ ഇംഗ്ലീഷ് പഠന പരിപോഷണം | ❖ ചിൽഡ്രൻസ് പാർക്ക് | ❖ ഭവന സന്ദർശനം |
| ❖ വായന പരിപോഷണം | ❖ കമ്പ്യൂട്ടർറും | ❖ ഗ്രന്ഥസാലകൾ ക്ലബ്ബുകൾ സന്നദ്ധസംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വാധ്യാപകർ സഹകരണ സ്ഥാപനങ്ങൾവ്യവസായ ഗ്രൂപ്പുകൾ, എന്നിവയുടം സേവനം പ്രയോജനപ്പെടുത്തൽ |
| ❖ ലൈബ്രറി ശാക്തീകരണം | ❖ ജൻമദിനത്തിലൊരു പുസ്തകം | |
| ❖ പഠന യാത്രകൾ | ❖ ക്ലാസ്മുറികൾ | |
| ❖ കലാ-കായിക മേളകൾ | | |
| ❖ ഐ.ടി പരിശീലനം | | |
| ❖ എസ്.ആർ.ജി ശാക്തീകരണം | | |
| ❖ ദിനാചരണങ്ങൾ | | |
| ❖ കായിക പഠനം | | |

പ്രവർത്തനം - 1

പേര് - സർഗ്ഗ സല്ലാപം

ഉപമേഖല - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷയിലൂടെ വിവിധ മേഖലകളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അല്ലെങ്കിൽ അവരുടെ വായന എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ | | എച്ച്.എം & പി.ടി.എ | വർഷത്തിൽ ഒന്ന് | 500 |

പ്രവർത്തനം - 2

പേര് - കുട്ടിരചനകൾ

ഉപമേഖല - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| രചനകൾ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ പട്ടികപ്പെടുത്തൽ | 1 മുതൽ 4 വരെ | വിദ്യാരംഗം ക്ലാസ് ടീച്ചർ | വർഷത്തിൽ 2 തവണ | 500 |

പ്രവർത്തനം - 3

പേര് - ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല - ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ-ക്രമീകരിക്കൽ | 1 മുതൽ 5 വരെ | ക്ലാസ് ടീച്ചർ ലൈബ്രേറിയൻ | വർഷത്തിൽ 1 തവണ | |

പ്രവർത്തനം - 4

പേര് - സ്കൂൾ വിഷൻ

ഉപമേഖല - സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | കുട്ടികളുടെ കലാപരിപാടികൾ, ടി വി, കമ്പ്യൂട്ടർ എന്നിവയിലൂടെ സംപ്രേക്ഷണം, അസംബ്ലി-പൊതുപരിപാടികളുടെ സംപ്രേക്ഷണം | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | എല്ലാ ദിവസവും ഇടവേളകളിൽ | |

പ്രവർത്തനം - 5

പേര് - ദിനാചരണങ്ങൾ

ഉപമേഖല - സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | 1 മുതൽ 4 വരെ | എസ് ആർ ജി ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | |

പ്രവർത്തനം - 6

പേര് - ഒറിഗാമി ശിൽപശാല

ഉപമേഖല - അക്കാദമിക-ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലന ശേഷികളുടെ വികാസവും | ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നതിലൂടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം | 1 മുതൽ 4 വരെ | എസ് ആർ ജി പ്രവൃത്തി പരിചയ ടീച്ചർ | വർഷത്തിൽ 1 തവണ | 1000 |

പ്രവർത്തനം - 7

പേര് - ഒറിഗാമി ശിൽപശാല

ഉപമേഖല - അക്കാദമിക-ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയത്തിന്റെ ചുമരിൽ ചിത്രം വരയൽ | 1 മുതൽ 4 വരെ | ഗണിത ക്ലബ്ബ് | ഒരു തവണ | 5000 |

പ്രവർത്തനം - 8

പേര് - ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും എഴുതുവാനും, സംസാരിക്കുവാനുമുള്ള ശേഷി വികാസം | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ ഇംഗ്ലീഷിൽ അസംബ്ലി നടത്തുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക | 3, 4 ക്ലാസ് | ക്ലാസ് ടീച്ചർ | ആഴ്ചയിൽ 1 തവണ | |

പ്രവർത്തനം - 9

പേര് - ഗ്രമർ സ്കൂൾ

ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസുകൾ | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | വർഷത്തിൽ 10 ക്ലാസ് | 1000 |

പ്രവർത്തനം - 10

പേര് - ഇംഗ്ലീഷ് കോർണർ

ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | 1 മുതൽ 4 വരെ | ഇംഗ്ലീഷ് ക്ലബ്ബ് | പ്രതിമാസ പരിപാടി | 5000 |

പ്രവർത്തനം - 11

പേര് - മേളകൾ

ഉപമേഖല - അക്കാദമികം-ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല സാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം നേടൽ | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | വർഷത്തിൽ 1 തവണ | |

പ്രവർത്തനം - 12

പേര് - പഠന യാത്രകൾ

ഉപമേഖല - അക്കാദമികം-സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| പ്രത്യാക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങലിലേക്ക് നടത്തുന്ന പഠന യാത്രകൾ | 1 മുതൽ 4 വരെ | എസ് ആർ ജി | മാസത്തിൽ 1 തവണ | 10000 |

പ്രവർത്തനം - 13

പേര് - ബുള്ളറ്റിൻ ബോർഡ്

ഉപമേഖല - സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | എല്ലാ ദിവസങ്ങളിലും | 2500 |

പ്രവർത്തനം - 14

പേര് - കലാമണ്ഡപം

ഉപമേഖല - കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ കലാവാസനകൾക്ക് പരിപോഷണം | നൃത്തം ചിത്രരചന തുടങ്ങിയ കലകളുടെ പരിശീലനം, അവധി ദിവസങ്ങളിലും പരിശീലനം | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ നൃത്ത അധ്യാപിക | | 2000 |

പ്രവർത്തനം - 15

പേര് - കായിക താരങ്ങൾക്ക് അവാർഡ്/സമ്മാനങ്ങൾ

ഉപമേഖല - കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| കായിക അവാർഡ്/ സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ-ഉപജില്ലാതലം-ജില്ലാതലം - വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | 1 മുതൽ 4 വരെ | എച്ച്.എം ക്ലാസ് ടീച്ചർ | ഓരോ തലത്തിലെയും മൽസരത്തി നു ശേഷം | 2000 |

പ്രവർത്തനം - 16

പേര് - മെഡിക്കൽ ക്യാമ്പ്

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | 1 മുതൽ 4 വരെ | എച്ച്.എം പി.ടി.എ | വർഷത്തിൽ 1 തവണ | 2000 |

പ്രവർത്തനം - 17

പേര് - പച്ചക്കറിത്തോട്ടം

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം നിർമ്മിക്കൽ | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | വർഷത്തിൽ 1 തവണ | 2000 |

പ്രവർത്തനം - 18

പേര് - സി.പി.ടി.എ സജീവമാക്കൽ

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | സി.പി.ടി.എ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം എന്നിവ ഉണ്ടാകണം | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | പ്രതി മാസ പരി പാടി | |

പ്രവർത്തനം - 19

പേര് - ജൻമദിനത്തിനൊരു പുസ്തകം

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജൻമ ദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | | |

പ്രവർത്തനം - 20

പേര് - വർക്ക്ഷീറ്റ് നിർമ്മിക്കൽ

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാല സാഹിത്യ വാരികകളിലെയും മാസികകളിലെയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. അതിന് അനുയോജ്യമായ അടിക്കുറിപ്പ് കവിത, കഥ, വിവരണം എന്നിവ എഴുതി ച്ചേർത്ത് വർക്ക്ഷീറ്റ് തയ്യാറാക്കൽ | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | മാസത്തിൽ 2 തവണ | 500 |

പ്രവർത്തനം - 21

പേര് - സമ്മർ ഗ്രാമർ സ്കൂൾ

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ | പൂർവ്വ അധ്യാപകരെ പ്രയോജനപ്പെടുത്തി മധ്യവേനൽ അവധിക്കാലത്ത് ഒരാഴ്ച നീണ്ടു നിൽക്കുന്ന ഇംഗ്ലീഷ് വ്യാകരണ പരിശീലനം | 1 മുതൽ 4 വരെ | എസ്.എസ്.ജി, പി.ടി.എ | അവധി ദിവസം | |

പ്രവർത്തനം - 22

പേര് - മൺമറഞ്ഞ ആഹാരം

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്നും ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് | 1 മുതൽ 4 വരെ | എസ്.ആർ.ജി, പി.ടി.എ | വർഷത്തിൽ ഒരു തവണ | |

പ്രവർത്തനം - 23

പേര് - ഫാസ്റ്റ് ഫുഡ് - ഫാസ്റ്റ് ടു ഡെത്ത്

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പു തയ്യാറാക്കൽ | 1 മുതൽ 4 വരെ | എസ്. ആർ. ജി, | വർഷത്തിൽ ഒരു തവണ | |

പ്രവർത്തനം - 24

പേര് - ചുറ്റു മതിൽ

ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ അത് നിർമ്മിക്കുക മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക | | പി. ടി.എ | ഒരു വർഷം | 10000 |

പ്രവർത്തനം - 25

പേര് - കവാടം, പടിപ്പുര

ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ | ആകർഷകമാകത്തക്ക വിധത്തിൽ സ്കൂളിന്റെ കവാടം പടിപ്പുര എന്നിവ സജ്ജമാക്കൽ | | പി.ടി.എ | ഒരു വർഷം | 25000 |

പ്രവർത്തനം - 26

പേര് - കിഡ്പാർക്ക്

ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ. മുറ്റം ഉയരം കൂട്ടി മനോഹരമാക്കൽ | | പി. ടി.എ | 2 വർഷം | 25000 |

പ്രവർത്തനം - 27
പേര് - മൈതാന നിർമ്മാണം
ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധ തരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങളോരുക്കി വിശാലമായ മൈതാനം നിർമ്മിക്കൽ. | | പി. ടി.എ | 2 വർഷം | |

പ്രവർത്തനം - 28
പേര് - മരം നടൽ
ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| സ്കൂൾ പരിസരം ഹരിതാഭമാക്കൽ | തരിശായി കിടക്കുന്ന ഭൂമിയിൽ മരം വെച്ച്പിടിപ്പിക്കൽ | | എസ്. എസ്. ജി | 1 വർഷം | |

പ്രവർത്തനം - 29
പേര് - മാലിന്യ സംസ്കരണം
ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കൽ | | എസ്. എസ്. ജി | 1 വർഷം | 1000 |

പ്രവർത്തനം - 30

പേര് - പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

ഉപമേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ, അവരുടെ മുന്നിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് കണ്ടെത്തൽ | | എസ്. എസ്. ജി | 2 തവണ വർഷത്തിൽ | |

പ്രവർത്തനം - 31

പേര് - പൂർവ്വ അധ്യാപക സംഗമം

ഉപമേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർബുക്ക് പരിശോധിച്ച് പൂർവ്വ അധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | | സ്റ്റാഫ് കൗൺസിൽ | 2 വർഷത്തിൽ ഒരിക്കൽ | |

പ്രവർത്തനം - 32

പേര് - അങ്കണവാടി കലോത്സവം

ഉപമേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ, നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട് കലോത്സവം സംഘടിപ്പിക്കൽ വിരുന്ന് നൽകൽ | | പി. ടി.എ | 1 തവണ വർഷത്തിൽ | 5000 |

പ്രവർത്തനം - 33

പേര് - പുസ്തക സമാഹരണം

ഉപമേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറു സംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥാലയത്തിലേക്കാവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ എസ്. ആർ. ജി | 1 തവണ വർഷത്തിൽ | |

പ്രവർത്തനം - 34

പേര് - പുസ്തക പ്രസിദ്ധീകരണവും വിറ്റഴിക്കലും

ഉപമേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളുടെ വിവിധ സൃഷ്ടികൾ പരിശോധിച്ച് മികച്ചവ തിരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കൽ | കുട്ടികൾ രചിച്ച കഥ, കവിത, കാർട്ടൂണുകൾ തുടങ്ങിയ വിവിധ സാഹിത്യ സൃഷ്ടികൾ എസ്. ആർ.ജി കൂടി വിലയിരുത്തി പ്രസിദ്ധീകരിണ യോഗ്യാമായവ പ്രസിദ്ധീകരിക്കൽ. വിറ്റഴിക്കൽ വിൽപനയിലൂടെ ലഭിച്ച തുക പുതിയ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുവാൻ ഉപയോഗിക്കുന്നു. | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ എസ്. ആർ. ജി | 1 തവണ വർഷത്തിൽ | 1000 |

പ്രവർത്തനം - 35

പേര് - ഹരിത ഗ്രാമം

ഉപമേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയങ്ങളിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽ മരങ്ങൾ വെച്ചു പിടിപ്പിക്കൽ. അവയുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ. സമീപത്തെ ക്ലബ്ബുകൾ വായനശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ ഉൾപ്പെടുത്തൽ | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ എസ്. ആർ. ജി | 1 തവണ വർഷത്തിൽ | |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദ്യമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നില നിർത്താൻ കഴിയുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## മോണിറ്ററിംഗ് രീതി

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി (പി ടി എ, എം പി ടി എ, എസ് എസ് ജി, എസ് ആർ ജി) നടപ്പിലാക്കുന്നു.
- ദൈനംദിന മോണിറ്ററിംഗ് എച്ച് . എം, എസ് ആർ. ജി, കൺവീനർ പി ടി എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

### കുട്ടികളുട എണ്ണം മുൻവർഷങ്ങളിൽ

| Year | Pre Primary | I | II | III | IV | Total |
|---|---|---|---|---|---|---|
| 2022-2023 | | 3 | 9 | 3 | 3 | 18 |
| 2023-2024 | | 3 | 3 | 9 | 2 | 17 |
| 2024-2025 | | 4 | 3 | 3 | 9 | 19 |

### മികവുകൾ നേട്ടങ്ങൾ

| നടപ്പു വർഷം | മുൻവർഷം |
|---|---|
| ക്ലാസ്സ് പി ടി എ | പൂർവ്വ വിദ്യാർത്ഥി സംഗമം |
| പച്ചക്കറിത്തോട്ടം | ഇംഗ്ലീഷ് ഫെസ്റ്റ് |
| സ്കൂൾ മാസ്റ്റർപ്ലാൻ തയ്യാറാക്കൽ | മെഡിക്കൽ ക്യാമ്പ് |
| പഠന യാത്രകൾ | സ്കൂൾ മാഗസിൻ |
| മുഴുവൻ കുട്ടികളുടെയും ഭാവന സന്ദർശനം | സ്കൂൾ പതിപ്പ് |
| നൃത്ത പരിശീലനം | വിനോദ യാത്ര |

ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാകുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ വൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിലെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നൻമകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.